2. ഏലം ഒഴികെയുള്ള മറെറല്ലാ സുഗന്ധദ്രവ്യങ്ങൾക്കും കൂടി ഒരു ബോർഡ് രൂപീകരിക്കുന്ന കാര്യം കേന്ദ്രഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്നതായി അറിയുന്നു.

3. ചുക്ക് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശാസ്ത്രീയസംവിധാനം സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ പ്രധാന ഉൽപ്പാദന കേന്ദ്രങ്ങളിൽ നടത്തുന്ന ഗോഡൗണുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഇഞ്ചി കൃഷിക്ക് ലോകബാങ്കിൻെറ സഹായം ലഭ്യമാക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുന്നതാണ്.

5. ജിഞ്ചർ കമ്മ്യൂണിറി രൂപീകരിക്കുന്നതിനെപററിയും. കയറുമതി വ്യാപാരികളെ പ്രോൽസാഹിപ്പിക്കുന്നതിനെപ്പററിയും കേന്ദ്ര ഗവൺമെൻറിൽ വേണ്ട പ്രേരണ ചെലുത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

6. ഫോറസ്റ്റ് പ്ലാൻേറഷനുകളിൽ ഇഞ്ചി കൃഷി ചെയ്യുന്നതിനെപ്പററി ഗവൺമെൻറ് വനംവകുപ്പുമായി ആലോചിച്ച് തീരുമാനം എടുക്കുന്നതാണ്.

ഗ്രാമവികസനത്തിന് ഫണ്ട് സ്വരൂപിക്കാൻ സംവിധാനം

* 523 [553] ശ്രീ. കെ.കെ.എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ഭരണത്തിൽ ഗ്രാമവികസനം ലക്ഷ്യം വച്ച് പ്രവർത്തിക്കാൻ വേണ്ട ഫണ്ട് സ്വരൂപിക്കാൻ പഞ്ചായത്തുകൾക്ക് എന്തെങ്കിലും സംവിധാനം ഇന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) കെട്ടിടനികുതി, തൊഴിൽ നികുതി, വാഹനനികുതി, വിനോദനികുതി, സർവീസ് ടാക്സ്, വസ്തുകൈമാറ്റത്തിൽ ഉള്ള ഡ്യൂട്ടി, മാർക്കറിൽനിന്നുള്ള വരവ്, ലൈസൻസ് ഫീസിൽനിന്നുള്ള വരവ്, ബസ്സ്റാൻഡ്, കാർട്ട് സ്റാൻഡ്, ഷോപ്പിംഗ് സെൻറർ എന്നിവിടങ്ങളിൽനിന്നുള്ള വരവും ഗ്രാമവികസനത്തിനുവേണ്ടി ചെലവഴിക്കാവുന്നതാണ്. അതിനുപുറമേ വരവ് വർദ്ധിപ്പിക്കുന്നതിനുള്ള ആദായം ലഭിക്കുന്നതായ മാർക്കറ് സ്റാൾ, ഷോപ്പിംഗ് സെൻറർ എന്നിവ സ്വന്തം പണം ഉപയോഗിച്ച് ചെയ്യാവുന്നതും പണം ഇല്ലാത്ത പക്ഷം ഗ്രാമവികസന ബോർഡിനെ സമീപിക്കാവുന്നതുമാണ്.

ഇൻേറൺഷിപ്പു നടത്തുന്ന വിദ്യാർത്ഥികൾക്കു ലഭിക്കുന്ന അലവൻസ്

* 524 [554] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി, അലോപ്പതി, ആയുർവ്വേദം അതിലേതെങ്കിലും കോഴ്സുകൾ പാസ്സായി ഇൻേറൺഷിപ്പു നടത്തുന്ന ഓരോ വിദ്യാർത്ഥികൾക്കും കിട്ടുന്ന അലവൻസ് എത്രയെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly